LIBRARY ARCHIVES Kerala Legislative Assembly

## എല്ലാവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള പദ്ധതികൾ

254 (3863) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭവന രഹിതരായ എല്ലാ കുടുംബങ്ങളെയും വീടിനർഹരാക്കാൻ എന്തെങ്കിലും സർവ്വേയോ പഠനമോ നടത്തിയിട്ടുണ്ടോ: ഉണ്ടെങ്കിൽ ഈ കർമ്മപദ്ധതിയിൽ ഏതൊക്കെ വകുപ്പുകളാണ് ഒന്നുചേർന്ന് പ്രവർത്തിക്കുന്നത്; ഇതിനായി പദ്ധതി രേഖയോ ആസൂത്രണ രേഖയോ തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി തയ്യാറാക്കപ്പെട്ട ലിസ്റ്റിൽ രാഷ്ട്രീയമായോ മറ്റെന്തെങ്കിലും കാരണങ്ങളാലോ ഉൾപ്പെടാതെ പോയ വ്യക്തികളെ അപ്പീലിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്താൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ നിലവിൽ എന്തൊക്കെ സംസ്ഥാന പദ്ധതികളുണ്ട്; ഇതിനായി എന്തെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അത് ഏതൊക്കെ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്;

(സി) ഓരോ വിഭാഗത്തിനും നിലവിലുള്ള ഭവന പദ്ധതികളിൽ സർക്കാർ വിഹിതം, ഗുണഭോക്തൃ വിഹിതം, വായ്പാവിഹിതം ഇവ എത്രയെന്ന് വ്യക്തമാക്കാമോ; വിവിധ ഭവന നിർമ്മാണ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് പെട്ടെന്ന് വായ്പ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ നവകേരളമിഷന് കീഴിൽ രൂപീകരിച്ച സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ് മിഷൻ.

പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേയ്ക്കുള്ള ചുമതല കുടുംബശ്രീ മിഷനാണ്. പ്രസ്തുത സർവ്വേയ്ക്കുള്ള മാർഗ്ഗനിർദ്ദേശം തയ്യാറാക്കിയത്

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പാണ്. ടി മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(സാധാ)നമ്പർ 391/2017 തസ്വഭവ തീയതി 9-2-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. സർവ്വേ പൂർത്തിയായെങ്കിലും ആയതിന്മേലുള്ള പരിശോധന നടന്നുവരികയാണ്. തദ്ദേശ സ്വയംഭരണ വകുപ്പാണ് ലൈഫ് മിഷനെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന മിഷൻ യോഗത്തിലാണ്, കർമ്മപരിപാടികളും തുടർന്നുള്ള ഉത്തരവുകളും പുറപ്പെടുവിക്കുന്നത്. ഗുണഭോക്താക്കളെ കണ്ടെത്തുവാനുള്ള മാർഗ്ഗനിർദ്ദേശവും ഭൂമിയുള്ള ഭവനരഹിതർക്കും ഭൂമിയില്ലാത്ത ഭവനരഹിതർക്കും ഭവനം നൽകുന്നതിനും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഭൂമിയുള്ള ഭവനരഹിതർക്ക് നൽകാവുന്ന ധനസഹായത്തിന്റെ അളവും നിശ്ചയിച്ചിട്ടുണ്ട്. രാഷ്ട്രീയമോ മറ്റൊരു പരിഗണനയോ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ മാനദണ്ഡമാക്കിയിട്ടില്ല. അർഹരായ ഗുണഭോക്താക്കൾ പട്ടികയിൽ ഇല്ലാത്തപക്ഷം അവർക്ക് പഞ്ചായത്ത്തല ആദ്യഘട്ട അപ്പീലിനും ജില്ലാതലത്തിൽ രണ്ടാംഘട്ട അപ്പീലിനും വ്യവസ്ഥ ഉണ്ടായിരിക്കുന്നതാണ്.

(ബി) എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന കേന്ദ്ര സർക്കാരിന്റെ ഭവന പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന (നഗരം), പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമം), വിവിധ വകുപ്പുകളുടെ ഭവന പദ്ധതികൾ എന്നിവ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി കുടുംബശ്രീയും പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമം) പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ ഏജൻസി ഗ്രാമവികസന വകുപ്പുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്.

(സി) വിവിധ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടാണ് ലൈഫ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ നടപ്പുവർഷം മുതൽ ഭവനധനസഹായത്തിന് ഏകരൂപം ഉണ്ടായിരിക്കുന്നതാണ്. ആയതുപ്രകാരം ജനറൽ വിഭാഗത്തിന് 3.5 ലക്ഷം രൂപയും പട്ടികജാതി/ മത്സ്യത്തൊഴിലാളികൾ/തോട്ടം തൊഴിലാളികൾ മേഖലയിലുള്ളവർക്ക് 4 ലക്ഷം രൂപയും എസ്.റ്റി.ക്കാർക്ക് ചെലവാകുന്ന യഥാർത്ഥ തുകയും നൽകുന്നതാണ്. ലൈഫ് പദ്ധതിയിൽ ഗുണഭോക്തൃവിഹിതം നിർബന്ധമല്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതി, മറ്റ് വകുപ്പുകളുടെ പദ്ധതികൾ എന്നിവയിൽ ഗുണഭോക്തൃവിഹിതം നിർബന്ധമാണെങ്കിൽ മുകളിൽ സൂചിപ്പിച്ച നിരക്കിന് പുറമേ ഗുണഭോക്തൃവിഹിതം നൽകേണ്ടതാണ്.